**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര സ്ഥാനികന്മാരുടെയും കോലധാരികളുടെയും വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എത്ര ക്ഷേത്ര സ്ഥാനികന്മാരും കോലധാരികളും ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ വേതനവും ആനുകൂല്യങ്ങളും എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിയെടുക്കുന്ന ആചാരസ്ഥാനികരുടെയും കോലധാരികളുടെയും എണ്ണം മലബാർ ദേവസ്വം ബോർഡിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല . എന്നാൽ ഈ വിഭാഗത്തിൽ , മലബാർ ദേവസ്വം ബോർഡിൽ നിന്നും പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്ന ഗുണഭോക്താക്കൾ 1811 ആചാരസ്ഥാനികരും 397 കോലധാരികളും ഉൾപ്പെടെ ആകെ 2208 പേരാണ് ഉള്ളത് . പ്രതിമാസം 1400 രൂപ വീതം ധനസഹായം ആണ് നിലവിൽ അനുവദിച്ചു വരുന്നത് . |
| (ബി) | വേതനം ലഭിക്കാത്തതുകൊണ്ട് പലയിടങ്ങളിലും ക്ഷേത്ര സ്ഥാനികന്മാർക്കും കോലധാരികൾക്കും ധർണ്ണപോലുള്ള സമരം നടത്തേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായം മലബാർ ദേവസ്വം ബോർഡ് മുഖേന, സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് അനുവദിച്ച് വരുന്നത്. പ്രസ്തുത ആവശ്യത്തിന് സർക്കാർ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് അലോട്ട്മെന്റ് 1,25,00,000/- രൂപയാണ്. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോട്ടമെന്റായ 1,25,00,000/- രൂപയ്ക്ക് പുറമെ മുൻവർഷത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിന് 1,66,98,000/- രൂപ അധിക ധനാനുമതിയായി സർക്കാർ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിതരണം ചെയ്തതായി മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്ര സ്ഥാനികന്മാർക്കും കോലധാരികൾക്കും എത്രമാസത്തെ വേതനം കുടിശ്ശികയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ കുടിശ്ശിക നൽകുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായം മലബാർ ദേവസ്വം ബോർഡ് മുഖേന, സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് അനുവദിച്ച് വരുന്നത്. പ്രസ്തുത ആവശ്യത്തിന് സർക്കാർ |

| | | | |
|---|---|---|---|
| | | | നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് അലോട്ട്മെന്റ് 1,25,00,000/- രൂപയാണ്. 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അലോട്ടമെന്റായ 1,25,00,000/- രൂപയ്ക്ക് പുറമെ മുൻവർഷത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിന് 1,66,98,000/- രൂപ അധിക ധനാനുമതിയായി സർക്കാർ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിതരണം ചെയ്തതായി മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ